LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സൗരോർജ്ജം ഉപയോഗിച്ച് ഉപഭോക്താക്കളുടെ രാത്രികാലങ്ങളിലെ മൊത്തം വൈദ്യുതി ഉപഭോഗം കറയ്ക്കുക, പീക്ക്‌ലോഡ് സമയത്തെ വൈദ്യുതിയുടെ ആവശ്യകത കറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയ പദ്ധതിയാണ് സൺഷിഫ്റ്റ് പദ്ധതി. വീടുകളിൽ സാധാരണ ഉപയോഗിക്കുന്ന ഇൻവെർട്ടറിന് പകരം വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും വൈകുന്നേരത്തെ പീക്ക് സമയത്തെ ഉപഭോഗം നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനമുള്ള സോളാർ പവർ പായ്ക്കുകൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലം സൗരോർജ്ജത്തിൽനിന്നുള്ള വൈദ്യുതി ഉപയോഗിച്ച് പകൽ സമയങ്ങളിൽ ഇൻവെർട്ടർ ബാറ്ററികൾ ചാർജ്ജ് ചെയ്യാനും പീക്ക് സമയത്ത് ഉപഭോക്താവിന്റെ വീട്ടിലെ വൈദ്യുതി ആവശ്യകതയുടെ ഒരുഭാഗം ഇൻവെർട്ടറുകൾവഴി ഉപയോഗിക്കുവാനും കഴിയുന്നു.

(സി) ഈ പദ്ധതിയിലൂടെ കുറഞ്ഞ ചെലവിൽ സൗരോർജ്ജ ഉൽപ്പാദനത്തിന് ഉപഭോക്താക്കൾക്ക് പങ്ക് ചേരാം. സോളാർ പവർ പായ്ക്കുകൾ സ്ഥാപിച്ചശേഷം കെ.എസ്.ഇ.ബി. എം-പാനൽ ചെയ്ത സ്ഥാപനംവഴി അപേക്ഷിക്കുന്ന ആദ്യത്തെ 2750 അപേക്ഷകർക്ക് 5,000 രൂപ സബ്സിഡിയായി അനെർട്ട് നൽകുന്നതാണ്.

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി വൈദ്യുതി ബോർഡിന്റെ നിർദ്ദേശാനുസരണം പ്രത്യേകം രൂപകൽപ്പനചെയ്ത സോളാർ ഇൻവെർട്ടറുകളുടെ ഗുണനിലവാര പരിശോധന നടത്തിയശേഷം 7 സ്ഥാപനങ്ങളെ ഉപഭോക്താക്കളുടെ വീടുകളിൽ സോളാർ ഇൻവെർട്ടറുകൾ സ്ഥാപിക്കാനായി എം-പാനൽ ചെയ്തു. സോളാർ ഇൻവെർട്ടർ സ്ഥാപിച്ചശേഷം അതാത് സ്ഥാപനംവഴി ആദ്യം അപേക്ഷിക്കുന്ന 2750 ഉപഭോക്താക്കൾക്ക് 5000 രൂപ അനെർട്ടുവഴി സബ്സിഡി നൽകും.

വാതകാധിഷ്ഠിത വൈദ്യുതി ഉൽപ്പാദനം

47(2035) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാതകാധിഷ്ഠിത വൈദ്യുതി ഉത്പാദന പ്രവർത്തനങ്ങൾക്കായി 2014-15 ബഡ്ജറ്റിൽ എത്ര തുക നീക്കിവയ്ക്കുകയുണ്ടായി ;

ഉത്തരം

2014-15-ലെ സർക്കാർ ബഡ്ജറ്റിൽ കെ.എസ്.ഇ.ബി.-ക്ക് വാതകാധിഷ്ഠിത വൈദ്യുത ഉത്പാദന പ്രവർത്തനങ്ങൾക്കായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. 2014-15-ലെ ബോർഡിന്റെ ബഡ്ജറ്റിൽ വാതകാധിഷ്ഠിത വൈദ്യുത ഉത്പാദന പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തിയിരുന്നു.

അതിരപ്പിള്ളി വൈദ്യുത പദ്ധതി

48(2036) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർത്തിവച്ച അതിരപ്പിള്ളി വൈദ്യുത പദ്ധതി പുനരാവിഷ്കരിക്കാൻ ആലോചനകൾ ഉണ്ടോ ;

(ബി) എങ്കിൽ, പദ്ധതി പ്രാവർത്തികമാക്കാൻ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) അതിരപ്പിള്ളി വൈദ്യുത പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ നയമെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 163 MW സ്ഥാപിതശേഷിയും 233 മില്യൻ യൂണിറ്റ് വാർഷികോത്പാദനവുമുള്ള അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കായുള്ള പാരിസ്ഥിതികാനുമതി 2007-ൽ ലഭിച്ചിരുന്നു. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2010-ൽ ടി അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് മറുപടി നൽകിയിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ടി പദ്ധതി പ്രൊഫസർ മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ 'Western Ghat Ecological Expert Panel' (WGEEP)-ന്റെ പരിഗണനയ്ക്കായി വിട്ടു. തുടർന്ന് മന്ത്രാലയം ഡോ. കസ്തൂരിരംഗൻ അദ്ധ്യക്ഷനായ ഹൈലെവൽ വർക്കിംഗ് ഗ്രൂപ്പ് (HLWG)-യുടെ പരിഗണനയ്ക്ക് പ്രസ്തുത പദ്ധതി വിട്ടു. HLWG-ന്റെ റിപ്പോർട്ട് പ്രകാരം പ്രസ്തുത പദ്ധതി ചില നിബന്ധനകൾക്ക് വിധേയമായി നടപ്പാക്കാമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. HLWG-യുടെ ശിപാർശ പ്രകാരം ടി പദ്ധതിയുടെ ജലലഭ്യത പുനഃപരിശോധിച്ച് മിനിമം 'ഇക്കോളജിക്കൽ ഫ്ലോ' നിലനിർത്തിക്കൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള റിപ്പോർട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly